**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2166 17.06.2014-ൽ മറുപടിക്ക്**

**ചെക്ക്പോസ്റ്റുകളിൽ ഇ - ഡിക്ലറേഷൻ സംവിധാനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. ജോസഫ് വാഴക്കൻ | | ശ്രീ.കെ.എം.മാണി.<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ചെക്ക്പോസ്റ്റുകളിൽ ഇ-ഡിക്ലറേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ വാണിജ്യ നികുതി ചെക്ക്പോസ്റ്റുകളിൽ 2012 ഫെബ്രുവരി മുതൽ ഇ-ഡിക്ലറേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇ-ഡിക്ലറേഷൻ സംവിധാനത്തിലൂടെ അന്തർ സംസ്ഥാന ചരക്ക് വ്യാപാരം നടത്തുന്ന വ്യാപാരികൾ, പാഴ്സൽ ഏജൻസികൾ മുതലായവർക്ക് ചരക്ക് വിവരങ്ങൾ മുൻകൂട്ടി രേഖപ്പെടുത്തുന്നതിനും ചെക്ക്പോസ്റ്റുകളിൽ വേഗത്തിൽ പരിശോധന പൂർത്തിയാക്കുന്നതിനും സാധിക്കുന്നു. കൂടാതെ ഇ-ഡിക്ലറേഷൻ എടുക്കുന്ന മുറയ്ക്ക് എസ്.എം.എസ്. അലർട്ടിലൂടെ ബന്ധപ്പെട്ട വ്യാപാരിക്ക് ഈ വിവരം ലഭ്യമാക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത സംവിധാനംവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ബി) | ഇ-ഡിക്ലറേഷൻ സംവിധാനത്തിലൂടെ ചെക്ക്പോസ്റ്റുകളുടെ സുതാര്യവും കാര്യക്ഷമവുമായ പ്രവർത്തനവും, സുഗമമായ ചരക്ക് നീക്കവുമാണ് ലക്ഷ്യമിടുന്നത്. ഈ സംവിധാ |

| | | | |
|---|---|---|---|
| | | | നത്തിലൂടെ വ്യാപാരികൾക്ക് ചരക്ക് നീക്കം മുൻകൂറായി ത്തന്നെ രേഖപ്പെടുത്താവുന്ന താണ്. ഇത്തരത്തിൽ രേഖപ്പെ ടുത്തുന്ന വിവരം ചരക്ക് വാഹനം ചെക്ക്പോസ്റ്റിൽ എത്തുന്ന സമയം, വാണിജ്യ നികുതി ഉദ്യോഗസ്ഥർക്ക് ഓൺലൈൻ പരിശോധനയി ലൂടെ നടപടികൾ വേഗത്തിലാ ക്കുന്നതിന് സഹായകമാകുന്നു. ഓൺലൈൻ പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് ചരക്ക് വിവരങ്ങൾ അപ്പോൾത്തന്നെ ബന്ധപ്പെട്ട നികുതി നിർണ്ണയാധികാരിയ്ക്ക് ഓൺലൈൻ ആയി ലഭ്യമാക്കു ന്നു. ശരിയായ രീതിയിൽ നികുതിനിർണ്ണയം പൂർത്തിയാ ക്കുന്നതിനും നികുതിചോർച്ച തടയുന്നതിനും ഇതുമൂലം സാദ്ധ്യമാകുന്നു. |
| (സി) | നികുതി വരുമാനം വർദ്ധിപ്പി ക്കുവാനും ചെക്ക് പോസ്റ്റുക ളിലെ ഗതാഗതക്കുരുക്ക് നിയ ന്ത്രിക്കാനും എന്തെല്ലാം സൗകര്യങ്ങൾ പ്രസ്തുത സംവിധാനത്തിൽ ഏർപ്പെടു ത്തിയിട്ടുണ്ട്; വിശദമാ ക്കുമോ; | (സി) | നികുതി വരുമാനം വർദ്ധിപ്പി ക്കുവാനും ചെക്ക്പോസ്റ്റുക ളിലെ ഗതാഗതക്കുരുക്ക് നിയ ന്ത്രിക്കാനും സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ വിശദീകരി ക്കുന്നു.<br>(1) ചരക്ക് നീക്കം മുൻകൂട്ടി അറിയിക്കുവാനുള്ള സംവി ധാനം - വ്യാപാരികൾക്കും, ചരക്ക് നീക്കം നടത്തുന്ന വർക്കും, പാഴ്സൽ ഏജൻസി കൾക്കും ഇ-ഡിക്ലറേഷൻ സംവിധാനത്തിലൂടെ ചരക്ക് നീക്കത്തെ സംബന്ധിച്ച വിവരം മുൻകൂട്ടി നൽകാവുന്ന താണ്. തന്മൂലം ചരക്ക് വിവര |

| | | | |
|---|---|---|---|
| | | | ങ്ങൾ എളുപ്പത്തിൽ ചെക്ക്പോസ്റ്റിൽ ലഭ്യമാവുകയും പരിശോധന പൂർത്തിയാക്കുവാൻ സാധിക്കുകയും ചെയ്യുന്നു. എസ്.എം.എസ്. അലർട്ടിലൂടെ രജിസ്റ്റർ ചെയ്ത വ്യാപാരികളുടെ പേരിലുള്ള അനധികൃത ചരക്ക് നീക്കം അപ്പപ്പോൾ തന്നെ കണ്ടെത്തുവാൻ സഹായിക്കുന്നു.<br>(2) ചെക്ക്പോസ്റ്റ് അലർട്ട് സംവിധാനം - നികുതി കുടിശ്ശിക വരുത്തുന്ന വ്യാപാരികളുടെ വിവരം എല്ലാ ചെക്ക്പോസ്റ്റിലും അറിയിക്കുന്നതിനും, അവരുടെ ചരക്കുനീക്കം കുടിശ്ശിക ഒടുക്കിയതിനുശേഷം മാത്രം അനുവദിക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br>(3) ചെക്ക്പോസ്റ്റിലൂടെയുള്ള ചരക്ക് നീക്കം അപ്പോൾത്തന്നെ ബന്ധപ്പെട്ട നികുതി നിർണ്ണയാധികാരിക്ക് ഓൺലൈനായി ലഭ്യമാക്കുന്നുണ്ട്. ഇതുമൂലം വിറ്റുവരവ് ശരിയായ രീതിയിൽ പരിശോധിച്ച് നികുതി വരുമാനം വർദ്ധിപ്പിക്കുവാൻ സഹായിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്തെ എല്ലാ ചെക്ക്പോസ്റ്റുകളിലും പ്രസ്തുത സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | ഇ-ഡിക്ലറേഷൻ സംവിധാനം എല്ലാ ചെക്ക്പോസ്റ്റുകളിലും ബാധകമാക്കിയിട്ടുണ്ട്. 46 ചെക്ക്പോസ്റ്റുകളിൽ ഓൺലൈൻ സംവിധാനമുണ്ട്. ഓൺലൈൻ ഇല്ലാത്ത ചെക്ക്പോസ്റ്റുകളിൽ ഡിക്ലറേഷന്റെ പ്രിന്റൗട്ട് കാണിക്കേണ്ടതും, തൊട്ടടുത്ത വാണിജ്യ നികുതി ഓഫീസിൽ നിന്നും ഓൺലൈൻ സംവിധാനത്തിൽ ' അപ്രൂവൽ ' (അംഗീകാരം) നേടേണ്ടതുമാണ്. |

സെക്ഷൻ ഓഫീസർ.